എൻ.ആർ.ഇ.ജി.പി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവുകൾ

208(1966) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.ഇ.ജി.പി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമവികസന കമ്മീഷണർ 2010 ജനുവരി മുതൽ എന്തൊക്കെ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ : ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) 2010 മാർച്ച് 31-നുശേഷം തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന അക്കൗണ്ടന്റുമാരെ പിരിച്ചുവിട്ട് ദിവസവേതനക്കാരാക്കി മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇത്തരത്തിൽ ദിവസവേതനക്കാരായ അക്കൗണ്ടന്റുമാർ പ്രവൃത്തിക്കുന്നതെന്നും ഇവരുടെ വേതനം എത്രയാണെന്നും വ്യക്തമാക്കുമോ :

(ഡി) കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രവൃത്തിക്കുന്ന ഓവർസിയർ, അക്കൗണ്ടന്റ് എന്നിവരുടെ വേതനം എത്രയാണെന്നും ഇവർക്ക് വേറെ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള തരംതിരിവിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(എഫ്) തൊഴിലുറപ്പ് പദ്ധതിയിലെ ഓവർസിയർ, അക്കൗണ്ടന്റ് എന്നിവരുടെ തൊഴിൽ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമവികസന കമ്മീഷണർ നിർത്തട മാസ്റ്റർ പ്ലാൻ പരിശീലനം സംബന്ധിച്ചും സ്വകാര്യഭൂമിയിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചും സാധനസാമഗ്രികൾ ഉള്ള പണികൾക്ക് മസ്റ്റർ റോൾ നൽകുന്നതിലെ നിബന്ധനകൾ സംബന്ധിച്ചും തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം പദ്ധതിയുമായുള്ള സംയോജനം സംബന്ധിച്ചും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 35 ലക്ഷം രൂപയെങ്കിലും പദ്ധതിയിനത്തിൽ ചെലവഴിക്കാത്ത പഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരെ ദിവസവേതനാടിസ്ഥാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) ചേമഞ്ചേരി, അരിക്കുളം, മുടവന്തേരി, പെരുവട്ടൂർകാവ് തുറയൂർ, കീഴരിയൂർ, തിക്കോടി, പയ്യോളി, മേപ്പയൂർ, വില്യാപ്പള്ളി, തിരുവള്ളൂർ, പുറമേരി, ചെക്യാട്, വാണിമേൽ, എടച്ചേരി, വളയം പഞ്ചായത്തുകളിലാണ് ഇപ്രകാരം മാറ്റിയിട്ടുള്ളത്. ഇവരുടെ വേതനം പ്രതിദിനം 200 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബി. കോമും പി.ജി.ഡി.സി. എ-യും ഉള്ള അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് പ്രതിമാസം 6,000 രൂപയും ബി.കോമിനോടൊപ്പം കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് കോഴ്സ് മാത്രം വിജയിച്ചിട്ടുള്ളവർക്ക് പ്രതിമാസം 4,5000 രൂപയും വേതനമായി നൽകുന്നുണ്ട്. ഓവർസിയർമാർക്ക് വേതനമായി 6,000 രൂപയും സ്ഥിരം യാത്രാബത്തയായി 500 രൂപയും പ്രതിമാസം നൽകുന്നുണ്ട്.

(ഇ) വിദ്യാഭ്യാസ യോഗ്യതയിലുള്ള വ്യത്യാസമാണ് ഇപ്രകാരമുള്ള തരം തിരിവിന് കാരണം

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

ഐ.കെ.എം.-ന്റെ മിഷൻ മോഡ് പ്രവർത്തനം

209(1967) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. കെ. എം.-ന്റെ മിഷൻ മോഡ് പ്രവർത്തനം അവസാനിപ്പിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇത് എന്നുമുതൽ പ്രാബല്യത്തിൽ വരും ;

(സി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതോടൊപ്പം ഐ. കെ. എം. ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ ഇതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തീരദേശനിയമംമൂലം തീരദേശവാസികൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

210(1968) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശനിയമത്തിലെ കർശന വ്യവസ്ഥകൾ മൂലം തീരപ്രദേശത്ത് തലമുറകളായി താമസിച്ചു വരുന്ന നിർധനർക്ക് വീടു വയ്ക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly